**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **12.01.2021 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 127** **മറുപടിക്ക്**

**വയനാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | ഈ സർക്കാർ വന്നശേഷം വയനാട് ജില്ലയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ എത്ര രൂപയുടെ എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | ഈ സർക്കാർ വന്നശേഷം ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിച്ചുവെന്നും ഇതിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നും വിശദമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പനമരം, വൈത്തിരി തൊണ്ടർനാട് എന്നീ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കായി യഥാക്രമം 165.76, 118.94, 107.69 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| സി) | വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്നും അതിൽ എവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ പണി കഴിഞ്ഞുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | സി) | പ്രളയത്തിൽ, വൈത്തിരി പോലീസ് സ്റ്റേഷൻ തകരുകയും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പനമരം പോലീസ് സ്റ്റേഷന് കേടുപാടുകൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. വൈത്തിരി, പനമരം എന്നീ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം പണിയുന്നതിനായി 1,03,39,800/- രൂപയും 1,08,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പോലീസ് വകുപ്പ്**

- കൺട്രോൾ റൂം നിർമ്മാണത്തിനായി 2019-20 ൽ 70 ലക്ഷം രൂപ അടങ്കൽ തുകയായി വകയിരുത്തി 16.8 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
- പനമരം, വൈത്തിരി, തൊണ്ടർനാട് എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി യഥാക്രമം 165.76, 118.94, 107.69 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.
- 2017-18 ൽ 1,91,39,590/- രൂപയും 2018-19 ൽ 2,84,93,550/- രൂപയും 2019-20 ൽ 2,46,19,716/- രൂപയും 2020-21 ൽ 1,11,22,000/- രൂപയും അടക്കം 8,33,74,856/- രൂപ അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുക Upgradation of Policing in SC/ST Colonies, SPC Programme, Construction of Disabled Friendly Police Station, Construction of District Training Centres, Women Victim Supporting Scheme, Strengthening of Police Stations, Control Room Construction തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**ജയിൽ വകുപ്പ്**

- വയനാട് ജില്ലയിലെ വൈത്തിരി സ്പെഷ്യൽ സബ് ജയിലിലെ അന്തേവാസികളെ പാർപ്പിച്ചിരിക്കുന്ന സെല്ലുകളുടെ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്കായി 2017-18 ൽ ഏഴ് ലക്ഷം രൂപയും, 2020-21 ൽ 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.
- മാനന്തവാടി ജില്ലാ ജയിലിലെ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്, റസ്റ്റ് റൂം എന്നിവയുടെ നിർമ്മാണത്തിനായി 2 കോടി രൂപ 2017-18 ൽ അനുവദിച്ചിട്ടുണ്ട്. ആയതിൽ റസ്റ്റ് റൂമിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.
- 2016-17 ൽ (നോൺ പ്ലാൻ) 98,000/- രൂപ വിനിയോഗിച്ച് വൈത്തിരി സ്പെഷ്യൽ സബ് ജയിലിൽ ആവശ്യമായ ഫാനുകളും ലൈറ്റുകളും സ്ഥാപിക്കുകയുണ്ടായി.
- മാനന്തവാടി ജില്ലാ ആശുപത്രിയിൽ തടവുകാർക്കായി പ്രിസണേഴ്സ് സെൽ പണിയുന്നതിനായി 1,75,000/- രൂപ 2016-17 ൽ (നോൺ പ്ലാൻ) അനുവദിക്കുകയുണ്ടായി.
- 2017-18 ൽ (നോൺ പ്ലാൻ) വൈത്തിരി സ്പെഷ്യൽ സബ് ജയിലിൽ മുള്ളുകമ്പി സ്ഥാപിക്കുന്നതിനായി 5,00,000/- രൂപ അനുവദിച്ചു. ആയത് പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

.......................